**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.726** 11.07.2016 -ൽ മറുപടിക്ക്

**വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി; വിശദ വിവരം ലഭ്യമാക്കുമോ; | (എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ ഫൗണ്ടേഷൻ വർക്കുകളും സബ് സ്ട്രക്ചർ വർക്കുകളും 90% പൂർത്തിയായി. സൂപ്പർ സ്ട്രക്ചർ വർക്കിന്റെ ആദ്യത്തെ സ്പാനിന്റെ 3 ബീമുകളുടെ നിർമ്മാണം പൂർത്തിയായി. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള ആകെ തുക എത്രയാണ്; ഇതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; ഇതിന്റെ നിർമ്മാണക്കരാർ ഏറ്റെടുത്ത കരാറുകാരൻ ആരാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) ടി പാലം നിർമ്മാണത്തിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 11 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ടി പ്രവൃത്തിയ്ക്ക് 3,35,04,674/- രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണ കരാർ ഏറ്റെടുത്തെങ്കിലും ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ റിസ്ക് & കോസ്റ്റിൽ പ്രവൃത്തി പുന:ക്രമീകരിക്കുകയുണ്ടായി. തുടർന്ന് റീ ടെണ്ടർ ചെയ്തപ്പോൾ ശ്രീ.ജോർജ്ജ് ഏലിയാസ് & അസോസിയേറ്റ്സ് എന്ന കരാറുകാരൻ ഏറ്റെടുത്ത് എഗ്രിമെന്റ് വച്ച് നിർമ്മാണ പ്രവൃത്തികൾ ചെയ്തു വരുന്നു. |
| (സി) ചെല്ലഞ്ചി പാലത്തിന്റെ പണികൾ നാളിതുവരെ എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; ബാക്കി പ്രവൃത്തികൾ എന്ന | (സി) ചെല്ലഞ്ചി പാലത്തിന്റെ 35% പ്രവൃത്തികൾ പൂർത്തിയായി. ടി പ്രവൃത്തി 2017 ജൂലായ് മാസത്തിന് മുമ്പ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | ത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷി ക്കുന്നത്; | | |
| (ഡി) | ചെല്ലഞ്ചി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാ ണവുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ അറിയിക്കുമോ? | (ഡി) | ചെല്ലഞ്ചി പാലത്തിന്റെ ഇരു വശങ്ങളി ലുമായി ഏകദേശം 700 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡ് നിർമ്മാണം ഈ പ്രവൃത്തിയുടെ ഭാഗമായി ഉൾപ്പെടുത്തി യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ